(ഇ) സിനിമാ തിയേറ്ററുകൾ വിനോദശാലകളായതുകൊണ്ട് അത്തരം വിനോദശാലകളിലേക്കുള്ള പ്രവേശന ടിക്കറ്റുകളുടെ നിരക്കുകൾ നിശ്ചയിക്കേണ്ടതു അതാതു തിയേറ്ററുടമകളാണ്. ഗവൺമെൻറിന് ഇതിൽ ഏതെങ്കിലും വിധത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സാധിക്കുകയില്ല.

വിദ്യാഭ്യാസവകുപ്പിലെ കേസുകൾ തീർപ്പ് കൽപ്പിക്കുവാൻ പ്രത്യേക ട്രിബ്യൂണൽ

*589 [628] ശ്രീ. പി. റ്റി. കുഞ്ഞുട്ടിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ;

(എ) വിദ്യാഭ്യാസവകുപ്പിലെ കേസുകൾ തീർപ്പുകൽപിക്കുവാൻ പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കണമെന്ന ആവശ്യം ആരെങ്കിലും ഉന്നയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എന്തുനടപടി സ്വീകരിച്ചു;

(സി) വിദ്യാഭ്യാസവകുപ്പിലെ വർദ്ധിച്ച ജോലിഭാരം കുറയ്ക്കാൻ വേണ്ടി പ്രസ്തുത ട്രിബ്യൂണലുകൾ രൂപീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) വിദ്യാഭ്യാസവകുപ്പിനായി ഒരു പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കണമെന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലില്ല.

വിദ്യാഭ്യാസവകുപ്പ് പുന:സംഘടിപ്പിക്കുന്നതു സംബന്ധിച്ച സ്പെഷ്യൽ ആഫീസറുടെ റിപ്പോർട്ട്

*590 [629] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പ് പുന:സംഘടിപ്പിക്കുന്നതിനുവേണ്ടി റിപ്പോർട്ടു സമർപ്പിക്കാൻ ഒരു സ്പെഷ്യൽ ആഫീസറെ നിയോഗിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചുവോ;

(സി) അതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) നിയോഗിച്ചിരുന്നു.

(ബി) ലഭിച്ചു.

(സി) സ്പെഷ്യൽ ആഫീസറുടെ റിപ്പോർട്ട് തത്വത്തിൽ ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്. ഡി. ഇ. ഒ.-മാരെ നേരിട്ട് നിയമിക്കണമെന്ന ശുപാർശയിൽ ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു ശുപാർശകൾ കാലോചിതമായി മാറ്റങ്ങൾ വരുത്തി നടപ്പാക്കുന്ന കാര്യം ഗവൺമെൻറ് പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly